# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം. "വരും തലമുറ: നമുക്ക് പൂർത്തിയാക്കാനുള്ളത്"

*اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ* خَلَقَ الْإِنسَانَ مِنْ عَلَقٍ* اقْرَأْ وَرَبُّكَ الْأَكْرَمُ*الَّذِي عَلَّمَ بِالْقَلَمِ* عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ (علق ١–٥)

- ആരോഗ്യരംഗം വൻഭീഷണി നേരിടുകയാണ്. കേട്ടുകേൾവി പോലുമില്ലാത്ത പല രോഗങ്ങളും പടർന്ന് പിടിക്കുന്നു. (തക്കാളിപനി, ഡെങ്കിപ്പനി ..).ക്യാൻസർ സാധാരണ രോഗമായി മാറി. ഭരണകൂടത്തിന് പോലും ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ രോഗം ഭീഷണി ഉയർത്തുന്നു.
- ഇതുപോലെ സാമൂഹ്യ, സാംസ്കാരിക രംഗവും രോഗാതുരമായിരിക്കുകയാണ്. ഇന്നലെകളിൽ ചിന്തിക്കാൻ പോലും കഴിയാത്ത തരം ജീർണ്ണതകൾ സമൂഹത്തിൽ പടർന്ന് പിടിച്ചിരിക്കുന്നു.

ഒരു ഭാഗത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ. 2 വയസ്സുമുതൽ 70, 80 വയസ്സുള്ളവർ വരെ പീഢിപ്പിക്കപ്പെടുന്നു. /മന്ദബുദ്ധികൾ മുതൽ മാനസീക രോഗികൾ വരെ/ രണ്ടാനച്ഛൻ മുതൽ സ്വന്തം പിതാവ് വരെ അക്രമികളാകുന്നു.( വിശദീകരിക്കുക).

- മറുഭാഗത്ത് മനുഷ്യത്വം മരവിക്കുന്ന കൊലപാതകങ്ങൾ നിത്യസംഭവമാകുന്നു. അച്ഛനെ വെടിവെച്ചുകൊന്ന് വെട്ടിനുറുക്കിയ ചങ്ങനാശ്ശേരി സംഭവം/വല്ലുമ്മയെ റമളാനിൽ വിഷം കൊടുത്ത് കൊന്ന മലപ്പുറം സംഭവം/രാഷ്ട്രീയ കൊലപാതകങ്ങൾ...( വിശദീകരിക്കുക).
- മറ്റൊരു പ്രശ്നം സാമ്പത്തീക കുറ്റകൃത്യങ്ങളാണ്. എങ്ങും അഴിമതി, വഞ്ചന, ചതി, ചൂഷണങ്ങൾ. സാധാരണക്കാർ മുതൽ വിജയമല്ല്യയെപ്പോലെയുള്ള വമ്പന്മാർവരെ തട്ടിപ്പിന്റെ വീരന്മാർ. ...
( വിശദീകരിക്കുക). ഇങ്ങനെ സാമൂഹ്യരംഗം ആകെ മലിനമായിരിക്കുന്നു.
- ഈ അവസ്ഥ നാൾക്കുനാൾ വർദ്ധിക്കുകയേ ഉള്ളൂ.

عن أَنَس اصْبِرُوا فَإِنَّهُ لَا يَأْتِي عَلَيْكُمْ زَمَانٌ إِلَّا الَّذِي بَعْدَهُ شَرٌّ مِنْهُ حَتَّى تَلْقَوْا رَبَّكُمْ , سَمِعْتُهُ مِنْ نَبِيِّكُمْ صَلَّى اللَّهُ عَلَيْهِ وَسَلَّمَ (أحمد)

- ഇത്തരം ജീർണ്ണ സാഹചര്യത്തിൽ വളർന്നു വരുന്ന ഭാവി തലമുറയുടെ ഇഹപര രക്ഷക്കായി ജാഗ്രവത്തായ കരുതൽ ആവശ്യമാണ്.
- മുൻ തലമുറ നമ്മിൽ ഏൽപ്പിച്ചുപോയ ആദർശവും ജീവിത വിശുദ്ധിയും പോറൽ ഏൽക്കാതെ അടുത്ത തലമുറയെ ഏൽപ്പിച്ചു പോകേണ്ട ബാധ്യത നമുക്കുണ്ട്.
- നിത്യ ജീവിതത്തിൽ പുലർത്തേണ്ട ഒരു പ്രാർത്ഥന ഖുർആൻ പഠിപ്പിക്കുന്നു.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا(الفرقان٧٤)

➢ ഇവിടെ "ഇമാം" കൊണ്ടുദ്ദേശിക്കുന്നത് ഭയഭക്തിയും ധർമ്മബോധവുമുള്ള, വരുംതലമുറയുടെ നായകരായി ഞങ്ങളെ ആക്കേണമെ എന്നാണ്. (മാതൃകാപുരുഷന്മാരായ ഒരു തലമുറയെ വാർത്തെടുക്കാൻ അവസരം നൽകേണമെ എന്നർത്ഥം)

➢ ഇമാം ബുഖാരി വിശദീകരിക്കുന്നു.

وقول الله تعالى: واجعلنا للمتقين إماما :قال: أئمةً نَقتدي بمَن قبلنا, ويقتدي بنا مَن بعدنا. (بخاري)

=(നാം മുൻഗാമികളെ തുടരുകയും പിൻഗാമികൾ നമ്മെ തുടരുകയും ചെയ്യുന്ന അവസ്ഥ നൽകേണമെ)

➢ ഇവിടെ പ്രാർത്ഥന മാത്രമല്ല അവയുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും നമ്മുടെ ബാധ്യതയാണ്.

➢ ഇതിന്റെ ആദ്യപടി ഇൽമും, ദീനീ ബോധവും പകർന്നുകൊടുക്കലാണ്.

➢ അതുകൊണ്ടാണ് ആദ്യ വഹ്‌യ് അറിവിനെ കുറിച്ചായത്.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ .....الخ

(ഇവിടെ തൗഹീദ്/നിസ്ക്കാരം പഠിപ്പിക്കും മുമ്പ് അറിവിനും വായനക്കുമുള്ള കൽപന നൽകി)

➢ അറിവ് 2 തരമാണ്.

1) الوحي التَّكْوِينِيّ ഭൗതീക ജീവിതം മെച്ചപ്പെടുത്താനുള്ളവ. ഇതും പ്രവാചകന്മാർ തന്നെയാണ് പഠിപ്പിച്ചത്..

(കൃഷി ആദം നബി, കപ്പൽ നിർമ്മാണം നൂഹ് നബി, ഇരുമ്പ് നിർമ്മാണം ദാവൂദ് നബി )

مثال: عن ابن عمر عن النبي صلى الله عليه وسلم: علموا أبناءكم السباحة (بيهقي)

2) الوحي التَّشْرِيعِيّ = മത വിജ്ഞാനം

مثال: وَأَحِبَّ لِلنَّاسِ مَا تُحِبُّ لِنَفْسِكَ تَكُنْ مُسْلِمًا (احمد)

➢ ഈ ആത്മീയത ഇല്ലാത്ത ഭൗതീക ബോധം മനുഷ്യനെ മനുഷ്യത്വമില്ലാത്തവനും ചിലപ്പോൾ ക്രൂരനുമാക്കും. ഉദാ: ഓപ്പറേഷൻ തീയേറ്ററിൽ ബലാൽസംഗം/ജനിച്ച കുഞ്ഞിന്റെ ജാതി നോക്കി കൊലപ്പെടുത്തൽ/വൃദ്ധസദനം……( വിശദീകരിക്കുക).

➢ അതുകൊണ്ട് ആത്മീയബോധമുള്ളവരായി മക്കളെ വളർത്തുക. അതിന്റെ പ്രാഥമിക കേന്ദ്രങ്ങളാണ് മദ്റസകൾ. മദ്റസകൾ വളർത്താനും നിലനിർത്താനുമുള്ള പരിശ്രമം എല്ലാ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്.

(വരും ആഴ്ച: മദ്റസയുടെ പ്രാധാന്യം)

ശ്രദ്ധ: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)


തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648


ജുമുഅക്ക് പ്രസംഗിക്കുന്നതിന് മുമ്പ് പ്രഭാഷണ കുറിപ്പ് ചില സധാരണക്കാരുടെ കൈകളിൽ എത്തുന്നു എന്ന് പരാതി ഉയർന്നിട്ടുണ്ട്. ആകയാൽ പ്രഭാഷണ കുറിപ്പ് സാധാരണക്കാരുള്ള ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യരുത്,. ഉലമാക്കൾക്ക് മാത്രം കൈമാറാൻ ശ്രദ്ധിക്കുക